**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4427** **19-07-2022 - ൽ മറുപടിയ്ക്ക്**

**ഈവനിംഗ് കോഴ്സുകളിലെ ഫീസ് ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി/പട്ടികവർഗ്ഗ വികസന (എ) വകുപ്പിന്റെ 02.07.2009-ലെ സ.ഉ.(അച്ചടി) നമ്പർ 50/2009/ പജ.പവ.വിവ. സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തിനകത്ത് ഈവനിംഗ് കോഴ്സുകളിൽ (പാർട്ട്ടൈം കോഴ്സുകൾ) പഠനം നടത്തിയ/ നടത്തിവരുന്ന പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികൾക്ക് അതത് യൂണിവേഴ്സിറ്റിക്ക് നൽകേണ്ട ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ് എന്നിവ അനുവദിച്ചിരുന്നുവെങ്കിലും പട്ടികവർഗ്ഗ വകുപ്പ് പ്രസ്തുത ആനുകൂല്യം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ? | (എ) | 08.04.2022 ലെ സ.ഉ(കൈ) 20/2022 നമ്പർ ഉത്തരവ് പ്രകാരം പാർട്ട് ടൈം കോഴ്സ് ചെയ്യുന്ന സർക്കാർ ജീവനക്കാരായ പട്ടികജാതി പട്ടികവർഗ്ഗ മറ്റർഹ വിഭാഗം വിദ്യാർത്ഥികൾ ജോലിയ്ക്ക് ഹാജരായി ശമ്പളം കൈപ്പറ്റുന്നതിനാൽ വിദ്യാഭ്യാസാനുകൂല്യം അനുവദിക്കാൻ കഴിയുകയില്ല. എന്നാൽ സർക്കാർ സർവ്വീസിൽ പ്രവേശിച്ച പട്ടികജാതി പട്ടികവർഗ്ഗ മറ്റർഹ വിഭാഗം ജീവനക്കാർക്ക് അവരുടെ അതേ സർവ്വീസിനോ, സർവ്വീസുമായി ബന്ധപ്പെട്ട ഉന്നത തൊഴിൽ ലഭിക്കുന്നതിനോ ഗുണകരമാണെങ്കിൽ, ശൂന്യവേതനാവധിയിൽ പ്രവേശിച്ച് ഉന്നതപഠനം നടത്തുന്നതിന് മെറിറ്റ്/ റിസർവേഷൻ സീറ്റിൽ പ്രവേശനം നേടുന്നവർക്ക് ഒരു കോഴ്സിന് മാത്രം ആകെ സർവ്വീസിൽ ഒറ്റത്തവണ സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ കോഴ്സ് ഫീസ് മാത്രം അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ